# മഹാത്മാഗാന്ധി സർവ്വകലാശാല

**(സംഗ്രഹം)**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസിലറുടെ ഒപ്പ് പതിപ്പിക്കുന്നതിനായി ബയോമെട്രിക് ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാവിഭാഗം ഇ.എ.II സെക്ഷൻ**

നം.657/ഇ.എ.II/2/530/2017/പരീക്ഷ തിയതി, പ്രിയദർശിനി ഹിൽസ്, 07 നവംബർ 2017

---

പരാമർശം: (1) വൈസ് ചാൻസിലറുടെ 13.0702017 തീയതിയിലെ വി.സി. 702/159/2017 നം. കുറിപ്പ്

(2) സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ 21.07.2017 തീയതിയിലെ VC-702/159/2017 നമ്പർ റിപ്പോർട്ട്

(3) 17.10.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം. നം. 96/17.13/172210.

## ഉത്തരവ്

പരിശോധന പൂർത്തിയാക്കിയ ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസിലറുടെ ഒപ്പ് മുദ്രണം ചെയ്ത് നൽകുന്ന, കേരള സർവ്വകലാശാലയിൽ തുടർന്നുവരുന്ന സാങ്കേതിക വിദ്യയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ യൂണിവേഴ്സിറ്റി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തികൊണ്ട് പരാമർശം (1) പ്രകാരം വൈസ് ചാൻസിലർ നിർദ്ദേശം നൽകിയിരുന്നു.

കേരള സർവ്വകലാശാലയിൽ നിന്നും നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ ബയോമെട്രിക് ഓതന്റിക്കേഷനു ശേഷം വൈസ് ചാൻസിലറുടെ ഒപ്പ് മുദ്രണം ചെയ്യുന്ന രീതിയാണ് അവലംബിച്ച് വരുന്നതെന്നും ഇതിനായി അസിനോവ എന്ന സോഫ്ട്വെയർ സ്ഥാപനത്തിന്റെ വിൻഡോസ് അടിസ്ഥാനമാക്കിയുള്ള സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നതെന്നും ചൂണ്ടിക്കാട്ടിയ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ; അസിനോവയുടെ സോഫ്ട്വെയർ, നിബന്ധനകൾ തുടങ്ങിയവ അടങ്ങിയ ഒരു പ്രൊപ്പോസലും ചേർത്ത് പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത വിഷയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 17.10.2017തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസിലറുടെ ഒപ്പ് പതിപ്പിക്കുന്നതിനായി ബയോമെട്രിക് ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**സുരേഷ്കുമാർ.കെ.ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷാവിഭാഗം)
പരീക്ഷാ കൺട്രോളർക്ക് വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസിലർ/പ്രൊ. വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ആഫീസർ /കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. സി.ഇ സെക്ഷൻ/എസി.സി സെക്ഷൻ
4. ജെ.ആർ.I / ഡി.ആർ IV/എ.ആർ XI (പരീക്ഷ)/ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
5. ജെ.ആർ.I (ഭ.വി.)/ഡി.ആർ. (പി&ഡി) /എ.ആർ III ((ഭ.വി.)
6. സിഡെക്സ് സെക്ഷനിലേക്ക് (ഫയൽ സഹിതം തുടർ നടപടികൾക്കായി)
7. പി&ഡി 1&2/എഡി.ബി. IV/ഐ.ക്യൂ.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ/ ജെ.ഡി,കെ.എസ്.എ
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ